# കേരള സർവകലാശാല

നം.പി.ആർ.120/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ആന്വൽ സ്കീം പാർട്ട് ഒന്ന്, രണ്ട്, മൂന്ന് സപ്ലിമെന്ററി പരീക്ഷകൾ മാറ്റിവെച്ചു

2020 ജൂലൈ 7 മുതൽ ആരംഭിക്കാനിരുന്ന ബി.എ, ബി.എസ്.സി, ബി.കോം, ആന്വൽ സ്കീം പാർട്ട് ഒന്നും രണ്ടും, പാർട്ട് മൂന്ന് (ബി.എസ്.സി സബ്സിഡിയറി മാത്രം) എന്നീ പരീക്ഷകൾ മാറ്റിവെച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### എഞ്ചിനീയറിംഗ് എൻട്രൻസിന് സൗജന്യ പരിശീലനം

കേരള സർവകലാശാലയുടെ കാര്യവട്ടത്തെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് സംഘടിപ്പിക്കുന്ന സൗജന്യ എൻട്രൻസ് പരിശീലനം ജൂലൈ 5 ന് രാവിലെ 10 മണിക്ക് ആരംഭിക്കും. കേരള സംസ്ഥാന എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്ക് (KEAM 2020) തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശങ്ങളും രണ്ടാഴ്ച നീണ്ടു നിൽക്കുന്ന തീവ്ര പരിശീലനം നൽകാനുമാണ് പരിപാടി ലക്ഷ്യം വയ്ക്കുന്നത്. കോളേജിന്റെ അക്കാദമിക് എക്സ്റ്റൻഷൻ പ്രവർത്തനങ്ങളുടെ ഭാഗമായിട്ട് തയ്യാറാക്കിയിട്ടുള്ള പരിശീലന പരിപാടിയിൽ പ്രമുഖ എൻട്രൻസ് പരിശീലകരായ ഡോ. ജോൺസൺ, പ്രൊഫ. റെജിൻ, ശ്രീ. വൈഷ്ണവ് സുരേഷ് എന്നിവരും യു.സി.കെയിലെ അദ്ധ്യാപകരുമാണ് ക്ലാസ്സുകൾക്ക് നേതൃത്യം നൽകുന്നത്. ഫിസിക്സ്, കെമിസ്ട്രി, ഗണിതം എന്നീ വിഷയങ്ങൾക്ക് പ്രഗൽഭരായ അദ്ധ്യാപകരുടെ പ്രത്യേക ക്ലാസ്സുകളും ഉണ്ടായിരിക്കുമെന്ന് കോളേജ് പ്രിൻസിപ്പാൾ ഡോ.എ. ബിഷാറത്തുബീവി അറിയിച്ചു. താൽപ്പര്യമുള്ള വിദ്യാർത്ഥികളും രക്ഷകർത്താക്കളും കൂടുതൽ വിവര ങ്ങൾക്ക് വേണ്ടി 9037119776, 9846332974, 9447125125 എന്നീ നമ്പരുകളിൽ ബന്ധപ്പെ ടേണ്ടതാണ്. വെബ്സൈറ്റ്: www.ucek.in

### സി.ഇ മാർക്ക് അപ്ലോഡിംഗ് – തീയതി നീട്ടി

നാലാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം സി.ബി.സി.എസ്.എസ്/സി.ബി.സി.എസ്. എസ് (സി.ആർ–കരിയർ റിലേറ്റഡ്) ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം മാർച്ച് 2020 – ലെ പരീക്ഷകളുടെ സി.ഇ മാർക്ക് കോളേജുകളിൽ നിന്ന് അപ് ലോഡ് ചെയ്യാനുള്ള അവസാന തീയതി ജൂലൈ 24 വരെ നീട്ടിയിരിക്കുന്നു.

## പരീക്ഷാ ഹെൽപ്പ്ഡെസ്ക്

സർവകലാശാല പരീക്ഷകൾ സംബന്ധിച്ച സംശയങ്ങൾ പരിഹരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട ഇടപാടുകൾക്കുമായി സർവകലാശാല വിദ്യാർത്ഥികൾക്കായി പരീക്ഷാ ഹെൽപ്പ്ഡെസ്ക് സജ്ജമാക്കി. 9188526674, 9188526670 എന്നീ ടെലഫോൺ നമ്പറുകളിൽ രാവിലെ 10 മുതൽ വൈകിട്ട് 5 മണി വരെയും examhelpdesk1@keralauniversity.ac.in, examhelpdesk2@keralauniversity.ac.in എന്ന ഇ-മെയിൽ വഴിയോ ബന്ധപ്പെടാവുന്നതാണെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു.

## പരീക്ഷാഫലം

കേരള സർവകലാശാല 2019 ജൂൺ മാസത്തിൽ നടത്തിയ എം.എസ്.സി ബയോകെമിസ്ട്രി 2017-2019 ബാച്ച് (സി.എസ്.എസ്) പുതുക്കിയ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

2019 ഒക്ടോബറിൽ നടത്തിയ വിദൂര വിദ്യാഭ്യാസം (എസ്.ഡി.ഇ) ബി.കോം മൂന്നാം സെമസ്റ്റർ (2017 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ജൂലൈ 13 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ഡിസംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി ഇലക്ട്രോണിക്സ്, മൈക്രോബയോളജി, കൗൺസലിംഗ് സൈക്കോളജി, സ്റ്റാറ്റിസ്റ്റിക്സ്, ബയോകെമിസ്ട്രി, എൻവയോൺമെന്റൽ സയൻസ്, ജിയോളജി, എം.എം.സി.ജെ, എം.എ സംസ്കൃതം ജനറൽ, തമിഴ്, ഹിന്ദി, ഇസ്ലാമിക് ഹിസ്റ്ററി പരീക്ഷകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് 2020 ജൂലൈ 18 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം
03.07.2020

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in